തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

100 [418] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങൾ വീതം ഉണ്ട്;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾ അവയുടെ വിലപിടിപ്പുള്ള വസ്തുക്കൾ, ജീവധനം മുതലായവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ടോ;

(സി) ഇവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് ഗുണകരമാണെന്ന് കുരുതുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിലെ പാപ്പാൻമാർക്ക് ദേവസ്വം ബോർഡിന്റെ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1208-ഉം കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിൽ 390-ഉം ക്ഷേത്രങ്ങൾ ഉണ്ട്.

(ബി, സി ആന്റ് ഡി) കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കൾക്കും ജീവധനത്തിനും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങൾക്കും വിലപിടിച്ച വസ്തുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ല. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് ഗുണകരമാണെന്ന് രണ്ട് ബോർഡുകളും കരുതുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിലെ പാപ്പാൻമാർക്ക് അതാതു ബോർഡിന്റെ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly